# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

## വിജ്ഞാപനം

നമ്പർ : എസിഡി.സി2/5953/ എസ്.എസ്.യു.എസ്/16 തീയതി : 03.06.2016

18.05.2016-ലെ വിജ്ഞാപനത്തിന്റെ തുടർച്ചയായി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പന്മന പ്രാദേശിക കേന്ദ്രത്തിൽ ബി.എ.സംസ്കൃതം വേദാന്തം കോഴ്സും, ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിൽ ബി.എ സംസ്കൃതം സാഹിത്യം കോഴ്സും 2016-2017 അദ്ധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കന്ററി അഥവാ തത്തുല്യ അംഗീകൃത യോഗ്യതയുള്ളവർക്ക് (രണ്ട് വർഷം) മേൽ പറഞ്ഞ കോഴ്സുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്.

സംസ്കൃത വിഷയങ്ങളിൽ ബിരുദ പഠനത്തിന് പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രതിമാസം 250/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു.

താത്പര്യമുള്ള വിദ്യാർത്ഥികൾ സർവ്വകലാശാല വെബ്സൈറ്റിൽ www.ssus.ac.in/www.ssus.onlin.org വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് കോപ്പിയും നിർദ്ദിഷ്ട യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ (SSLC, +2) സാക്ഷ്യപ്പെടുത്തിയ പകർപ്പും യൂണിയൻ ബാങ്കിൽ 50/- രൂപ അടച്ച ചലാനും (എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് 10/- രൂപ) ഉൾപ്പെടെ അതതു കേന്ദ്രങ്ങളിലെ ഡയക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസും/ബാങ്ക് ചലാനും www.ssus.ac.in/www.ssusonline.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കേണ്ട അവസാന തീയതി 20.06.2016.

ഒപ്പ്
ഡോ.ടി.പി.രവീന്ദ്രൻ
രജിസ്ട്രാർ

പകർപ്പ്:

1. ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാർ/പ്രാദേശിക കേന്ദ്രം ഡയറക്ടർമാർ
2. പബ്ലിക് റിലേഷൻസ് ഓഫീസർ ( പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരണത്തിന്)
3. സിസ്റ്റം അനലിസ്റ്റ് (സർവകലാശാല വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
4. നോഡൽ ഓഫീസർ, എക്സാമിനേഷൻ ഡിജിറ്റലൈസേഷൻ
5. ഡിപ്പാർട്ടുമെന്റൽ സിസ്റ്റം/എസ്.എഫ്/എഫ്.സി